(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി 30 പഞ്ചായത്തുകളിൽ 'വർഷ' (മഴവെള്ളക്കൊയ്ത്ത്) പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണത്തിനായി ഏറ്റെടുത്ത 623 യൂണിറ്റുകളിൽ ഇതുവരെ 296 യൂണിറ്റുകളുടെ പണി പൂർത്തീകരിച്ചു. ഇതുകൂടാതെ 11-ാം ധനകാര്യ കമ്മീഷന്റെ ധനസഹായം ഉപയോഗപ്പെടുത്തി 'മഴവെള്ളക്കൊയ്ത്ത്' പദ്ധതിയിൽ ഉൾപ്പെടുത്തി 1.95 കോടി രൂപ അടങ്കൽ തുകയായ 646 യൂണിറ്റുകൾ എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിലായി നടപ്പിലാക്കി വരുന്നു.

കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ നടപ്പാക്കുന്ന 'ജലനിധി' പദ്ധതിയിൽ മഴവെള്ള സംഭരണം നിരവധി ഗുണഭോക്തൃസമിതികൾ നടപ്പാക്കുന്നുണ്ട്.

(സി) ബന്ധപ്പെട്ട പഞ്ചായത്തുകളുടെ സേവനം കൂടി പ്രയോജനപ്പെടുത്തിയാണ് 'ജലനിധി' പദ്ധതിയും 'വർഷ' പദ്ധതിയും നടപ്പാക്കിവരുന്നത്. ജലനിധി പദ്ധതി ചെലവിന്റെ 10% ബന്ധപ്പെട്ട പഞ്ചായത്തുകളാണ് വഹിക്കുന്നത്. കൂടാതെ, പദ്ധതി നടപ്പാക്കുന്ന ഗുണഭോക്തൃ സമിതികൾക്കുള്ള ധനസഹായം പഞ്ചായത്തുകൾ വഴിയാണ് നൽകുന്നത്. 'വർഷ' പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി അതാത് പ്രദേശങ്ങളിലെ ഗുണഭോക്താക്കളിൽ നിന്നും അടങ്കൽ തുകയുടെ 10% പഞ്ചായത്തുകൾ വഴിയാണ് പിരിച്ചെടുക്കുന്നത്.

കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള ജലനികുതി

78 (2356) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധജലവിതരണ പദ്ധതിപ്രകാരം കാർഷിക ഉപഭോക്താക്കളിൽ നിന്ന് നാളിതുവരെ എത്ര തുക കുടിശ്ശിക ഇനത്തിൽ ജലനികുതിയായി പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കുടിശ്ശിക ഇനത്തിൽ വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടേയും ഉപഭോക്താക്കളുടെയും പേരിൽ എന്തുനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(സി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഓരോന്നിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള ജലനികുതി എത്രവീതമാണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും കാർഷികാവശ്യത്തിന് ജലം വിതരണം ചെയ്യുന്നില്ല. ആയതിനാൽ, ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രത്യേക ഉപഭോക്താക്കൾ ഇല്ല.

(ബി) ഗാർഹിക ഗാർഹികേതര ഉപഭോക്താക്കളിൽ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഉടനെ അടച്ചു തീർക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസുകൾ അതോറിറ്റിയുടെ ബന്ധപ്പെട്ട റവന്യൂ ഓഫീസുകളിൽ നിന്നും നൽകി വരുന്നു. മാധ്യമങ്ങളിലൂടെ ഉപഭോക്താക്കളെ കുടിശ്ശിക അടയ്ക്കാൻ പ്രേരിപ്പിച്ചും സ്ഥാപനങ്ങളുടെ മേധാവികളുമായി ബന്ധപ്പെട്ടും കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള ശ്രമം നടത്തിവരുന്നു. ഭീമമായ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്ക് മുൻകൂർ നോട്ടീസ് നൽകി വാട്ടർ കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തുവരുന്നു. എന്നിട്ടും കുടിശ്ശിക ഒടുക്കാത്ത ഉപഭോക്താക്കൾക്ക് എതിരെ റവന്യൂ റിക്കവറി നടപടികളും സ്വീകരിച്ചു വരുന്നു.

(സി) 31-3-2003-ലെ കണക്കനുസരിച്ച് പ്രസ്തുത നഗരങ്ങളിലെ ഉപഭോക്താക്കളിൽ നിന്ന് പിരിഞ്ഞുകിട്ടാനുള്ള വെള്ളക്കരം താഴെ കൊടുക്കുന്നു :

തിരുവനന്തപുരം	–	60.27 കോടി രൂപ
കൊച്ചി	–	14.63 കോടി രൂപ
കോഴിക്കോട്	–	20.76 കോടി രൂപ
ആകെ		95.66 കോടി രൂപ

ഇതിൽ 60 കോടി രൂപയോളം സർക്കാർ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ളതാണ്.

ഏരിയ അനുസരിച്ച് വെള്ളക്കരം ഒടുക്കുന്ന രീതി

79 (2357) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പ്രാവശ്യം വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ട് ;

(ബി) വെള്ളക്കരം ഒടുക്കേണ്ട രീതി സംബന്ധിച്ച് ലളിതമായി വിശദീകരിക്കാമോ ;

(സി) ഏരിയ അനുസരിച്ച് വെള്ളക്കരം ഒടുക്കുന്ന രീതി നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ കാലയളവിൽ വെള്ളക്കരം വർദ്ധിപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly